As to the budget proper much has been said by the Finance Member and many others on this side of the House. There remains very little for me to add excepting to remark that I am not prepared to agree with the Diwan President that it is a compromise between boldness and caution nor can I call this a poor man's budget as the Finance Member calls it. I would rather term it a windfall budget with a probable accidental surplus as was the case last year. This budget has an additional disadvantage in that it is a direct lie to the much proclaimed theory that the Government is trying to take people more and more into their confidence in administrative matters. While we are clamouring for greater and greater control in the finance of the State the Government is taking out of the control of this House a bigger portion of the expenditure as non-votable that used to be provided under that category. The much condemned top heavy nature of the administration is continued with a vengeance. There is unnecessary multiplicity of offices and officers with consequent increase in the salary item. It would appear that new posts are created to accommodate individuals rather than finding out individuals for newly made openings. Much has been said of the reduction in the salary grade of the Joint Secretary and the Excise Commissioner while no whisper seems to have been made from anywhere of the creation of an additional Secretary's place with a salary bigger than the savings from the two aforesaid items of retrenchment not to speak of many other new posts created or increment of salary or revision of salary grade.

It is to be regretted that in all these indiscriminate increments of salaries and creation of new posts Government seem to have ignored the more legitimate recommendation of the retrenchment committee with regard to the necessity of revising the grades of pay now fixed for Magistrates and the District Magistrate. The Government by accepting the Committee's recommendation to discontinue the practice of promoting Magistrates as Tahsildars have done these Magistrates a positive harm not at the same time giving effect to the recommendation regarding a revision of the grades of salaries.

There is unnecessary wastage of money in the name of press censure. So long as there is a British Postal Service and so long as our Government have absolutely no control over letters which pass through the various post offices I for one cannot but conceive of this censuring business as nothing more than a real farce. Originally this was designed as an excuse for paying an additional allowance to the then Publicity Officer. With the departure of that officer to the Central Jail the necessity for any expenditure under this head has practically ceased and now there is absolutely no justification for continuing this relic of favouritism. Whether there is censure or no censure the whole responsibility rests with the publisher nor can this responsibility be shirked or deminished by pleading that the matter published was passed at the office of the censure. If any publisher wants to avoid the censuring process he can very well do it by instructing his correspondents to send the manuscripts through the British Postal Service. There is a considerable inconvenience experienced by the newspapers in that they do not get the news in proper time on account of the delay at the office of censure. Considering all these aspects I honestly feel that the Government is under an illusion regarding this affair. They can therefore conveniently give up this useless practice to save any amount of inconvenience, time, energy and money both to the Government and to the press.

Many similar instances of the want of practical wisdom on the part of the Government can be pointed out. I do not want to take more time in an enumeration of these instances. I need only say that blind imitation should give place to intelligent discrimination.

Rice and price control as obtaining in Cochin is beyond my comprehension. I am yet to decide whether it is the merchants that Control the Controller or whether, as it is supposed, the Controller controls the merchants. If we are able to secure rice and other essential commodities at the Government rates we have to thank our own stars and if the merchants are selling at rate lower than the rate fixed by the Government the Government should thank their stars. There is, we find, a regular competition between the Government and the merchants in the matter of fixing the price of essential commodities. When merchants increase the price of rice the Government also increases their rate to make it above the merchants' rate to make the merchants' rates fall within the controlled limit. But as soon as the Government fix a rate the merchants

LIBRARY ARCHIVES Kerala Legislative Assembly

begin to sell at a price higher than the one fixed by the Government. So Government has necessarily to raise their price still higher to go above that of the merchants. And in this competition, as it is today, the Government have gloriously beaten down the merchants by fixing a rate higher than that could even be imagined by these merchants. *(Laughter).* The poor merchants have now accepted defeat in that for the past few days they have not been able even in spite of all their attempts to sell rice at the Government rate. So they are now forced to sell at a rate lower than that is fixed by the Government. It appears that the same sort of competition is going on in British India and Travancore. There is also a rumour that police have been instructed not to book all cases of profiteering indiscriminately. But I do not know whether there is any substance in the rumour.

Communal representation in public service which was the watchword of this Government seems to have been either forgotten or deliberately ignored in recent times. The table of communal representation in public service printed as appendix XI to the latest administration report is a sad record of the inequity and injustice which many of the important communities of the State are suffering at the hands of the Government for all their continued loyalty and co-operation. I do not want to dilate more upon this very patent partiality and favouritism of the Government for certain communities as the figures in the appendix will speak for themselves. But it falls to my duty to comment upon the sad plight of my community I mean the Latin Christian Community. Out of a total of 365 posts carrying a salary of Rs. 100 or above my community has not been fortunate enough to secure more than four posts. On the basis of population we are entitled to more than ten times the number. The amount which our community gets by way of salaries to these four officers much less than perhaps 1/20 or 1/30 of what is distributed amongst all communities together. This reminds me of the gross inadequacy of representation that has been the lot of the whole Christian community not to speak of another equally strong community—the Ezhuva community—Perhaps our extreme loyalty and the mildness in our requests are encouraging the Government to be more and more firm in their step-motherly attitude towards these communities. Fortunately for us in Cochin there is nothing of the communal rancour and bikerings that are so common in British India. Nor is there any disagreement on the broad principle that each community must be given its legitimate share in the public service. If at all there is any dissatisfaction amongst certain communities it is only on account of the unequal distribution of the fishes and loaves of office. State service cannot be the monopoly of certain communities or sections. This is a time when every State and Province in India has to look upon the good will and co-operation of every section of the people. Our Government was never wanting in the unstinted co-operation and support of all communities alike. If therefore it is the object of our Government to have the same amount of continued co-operation and good will from even these discarded communities it is high time they open their eyes to the realities of the situation and come to the immediate rescue of these oppressed and hitherto uncared for communities. Patience and self-control have their own limitations. If these qualities are tried beyond a certain limit they are bound to have their outburst with uncontrolably terrible consequences. Let me therefore give a warning to the Government that their neglect of these communities is becoming more and more unbearable and that the Government are going lower and lower in the eyes of these people. We have been very docile all these years and it is our earnest hope and prayer that we may not be aroused beyond control.

The House rose for lunch at 1 p.m. and re-assembled at 2-30 p.m. with Mr. K. Ayyappan, the Deputy President in the Chair.

Mr. M. L. Joseph *(Latin-Christians-Cranganur):* There is another absorbing question in which our patience is reaching its breaking point. It is none other than the question of granting full responsible Government, an ideal for which we have been striving with unabated doggedness for all these years. At a time when we were about to become desperate fresh hopes were induced in us by the grant of partial responsibility as an experimental first step. The experiment has been working successfully for the last about 5 years and the anticipations of our most beloved Ruler the late Maharaja that "It is my earnest desire that the representatives of my people in the Legislative Council will realise the magnitude of the responsibility that they are called upon to shoulder" has been literally fulfilled. It was on account of the confidence we gained in the working of the constitution that we asked for the transfer of some more departments to the Minister's port folio. But the Government has given a deaf ear to our legitimate demends and do not seem to be very keen on the healthy growth of this child of constitutional reforms. "In literacy and culture Cochin ranks first in the world of India" and it was given to this comparatively small State of Cochin to have the credit of being the first in introducing the beginnings of responsible Government in Indian States it remains for Cochin and Cochin alone

LIBRARY ARCHIVES Kerala Legislative Assembly

to have the credit of being the first Indian State to enjoy full responsible Government. It therefore greatly behoves the Diwan to tender proper advice to His Highness the Maharaja to lead this constitutional reforms to its logical end of full responsible Government before he finally leaves the State. We most confidently hope that he will achieve for us this long cherished and most legitimate demand of ours. *(Hear hear).*

Mr. Ismail Hajee Essa Sait *(Mattancheri):* Mr. President, Sir, I desire to offer my congratulations to the Government and the Diwan for producing a surplus budget for the coming year in spite of the various expenditure connected with the war and during a world-wide difficult times.

As regards details of the budget I notice that in place of 6,50,000 rupees budgetted for 1117, Government expects double that amount to be collected before the end of this year and they expect to realise 13 lakhs next year also. This great income is the result of the Excess Profits Act passed without the consent of the Council and without knowing and hearing the grievances and the opinion and the view of those affected by the law. While I do not grudge Government taking a legitimate share of our profits, I certainly think that this Excess Profits Tax will work more harm than good to the State and to the subjects and will operate detrimentally to the expansion of commerce and trade and to the mercantile community in Cochin. When such a tax is not adopted and does not exist in other Indian States, this Proclamation will serve to commemorate the memory of our Diwan and will never make us forget him. In spite of this Council's protests and refusal to sanction Rs. 600 and odd the demand for the expenditure connected with the Excess Profits Tax, the Diwan has certified that this expenditure is essential and did not care to re-examine the difficulties of the people with reference to this Excess Profits Tax. The unanimous opinion of the Council should have made a responsible Government pause and consider, but our Government is still an irresponsible Government and we cannot but suffer.

Another complaint I have to make with reference to the present working of the Income-tax is that the Government prides itself that they are encouraging agriculture and food production and desires that all lands in the hands of the people must be cultivated. Some members have said yesterday that if lands are not cultivated heavy penalties should be imposed upon the owners of such lands left uncultivated. I say that Government has already imposed heavy penalty upon agriculturists and has spoiled their minds to produce more food and to cultivate more lands as by doing so the only advantage will be for us to make money and pay it to Government. Up to 1116 agricultural income was exempt from income-tax. Government promised in this House that income-tax is to be imposed only on incomes other than agricultural income as agriculture was paying land revenue. Now in 1117 under the Income-tax Act if any agricultural income from outside the State is brought into Cochin that income is liable to be taxed. The result is not only we pay land revenue on agricultural income, we have to pay income-tax on that income and that at times at higher rates because agricultural income is added to other income. This is absolutely unfair and unjust and will discourage cultivation. I, therefore, request Government to exempt agricultural income from being made liable to income-tax; otherwise their food production scheme will not succeed fully.

I will now touch on rice control. In my opinion it is essential that a rice merchant should be on the rice control Committee. As regards the distribution of the import quota, Government should distribute it fairly between the merchants and give no room for any complaint of favouritism on their part.

We are thankful to the Diwan for making all adequate arrangements for the supply of rice to the people of Cochin and for the union with Travancore in the joint interest of the two States.

As regards the distribution of rice to the village parts it would be advantageous to study the needs of every village separately and to make adequate arrangements for the supply needed in every village. Sales need not be restricted to small quantities and a full bag of rice if demanded for consumption by any villager for his household; it should be allowed. The time during which rice shops or depots are kept open should be regulated by Government and even on Sundays they should be opened at least for a few hours definitely for the poor people to purchase.

I have one more complaint. The Municipal funds under the law is to be devoted only for the purposes of the Municipal Act. Now-a-days Government wants Municipalities to spend their slender income for A.R.P. and other connected purposes. I request Government that Government should bear the entire expenses or make full contribution for the A. R. P. purposes, otherwise in my Municipality of Mattancheri there will be no funds for providing the amenities of the Town. I will also request the Government to remove all restrictions regarding new water service and electric connections.

LIBRARY ARCHIVES Kerala Legislative Assembly

Before I conclude, one word more for my community. As I represent Muslim interests also in this Council, I request that adequate representation should be given to the Muslims in the State Service and also extend still more educational encouragements to my community.

* മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: സർ, ഈ ബഡ്ജറ്റ് പ്രത്യേകമായി ഒരു വിമർശനം അർഹിക്കാത്ത വിധത്തിൽ പഴയപടി തന്നെ ചില ചെറിയ വ്യത്യാസങ്ങളോടുകൂടി ഇവിടെ അവതരിപ്പിച്ചിട്ടുള്ളതാകകൊണ്ട് ഇതിലെ അക്കങ്ങളെ സംബന്ധിച്ച് അധികം സംസാരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ബഡ്ജറ്റവ് മർശനാവസരങ്ങളിൽ രാജ്യത്തിലെ പൊതുതാല്പര്യങ്ങളെ ഈ സഭമുഖേന ഗവമ്മെണ്ടിനെ അറിയിക്കുവാനും, നമ്മുടെ രാജ്യഭരണസമ്പ്രദായത്തിലുള്ള ചില നയങ്ങളെ സംബന്ധിച്ച് അല്പം ചില സംഗതികളും ഇവിടെ പ്രസ്താവിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു. ഈ നിയമസഭയുടെ ആരംഭകാലം മുതല്ക്കുതന്നെ, ജനപ്രതിനിധികൾക്കും, അതുവഴി പൊതുജനങ്ങൾക്കും ഭരണകാര്യത്തിൽ അവകാശമുണ്ടായിരിക്കത്തക്കവിധത്തിൽ രാജ്യഭരണഘടനതന്നെ മാറണമെന്നുള്ള അഭിപ്രായം പ്രകടിതമായതിന്റെ ഫലമായിട്ടാണല്ലൊ ഇവിടെ ഉത്തരവാദിത്വഭരണത്തിന്റെ ചില പരീക്ഷണങ്ങൾ ഇപ്പോൾ നടത്തിവരുന്നതു്. ഈ ഭരണപരിഷ്കാരത്തിന്റെ ഫലം മൂന്നാലു സംവത്സരക്കാലമായി നാട്ടുകാർ പരീക്ഷിച്ചറിഞ്ഞതിന്റെ ഫലമായി പരിപൂർണ്ണമായ ഉത്തരവാദിത്വഭരണത്തിനു് ഈ രാജ്യത്തിലെ ജനങ്ങളുടെ അഭിലാഷം ഏറ്റവും അധികമായി വന്നിരിക്കുന്നുവെന്നു ഗവമ്മെണ്ടിനെ അറിയിക്കുന്നതിനു് ഞാൻ ആഗ്രഹിക്കുന്നു. ഈ ഭരണപരിഷ്കാരം വാസ്തവത്തിൽ ഏറ്റവും അടിയന്തിരമായ ഒന്നാണെന്നു് എനിക്കു പറയുവാൻ സാധിക്കും. ഇന്നത്തെ മഹായുദ്ധംതന്നെ ജനാധിപത്യഭരണാദർശസ്ഥാപനത്തിനുവേണ്ടിയാണെന്നു പറഞ്ഞു്, ജനങ്ങളെ യുദ്ധത്തിനു് പ്രേരിപ്പിക്കുകയും, യുദ്ധസഹായത്തിനു് പ്രചരണം നടത്തിവരികയും ചെയ്യുന്ന ഈ കാലത്തു് പരിഷ്കാരത്തിലും വിദ്യാഭ്യാസത്തിലും, സംസ്കാരത്തിലും, ഭരണസമ്പ്രദായത്തിലും മറ്റു നാട്ടുരാജ്യങ്ങളെ അപേക്ഷിച്ചു് മുന്നണിയിൽ നില്ക്കുന്ന നമുക്കു് എന്തുകൊണ്ടു് നാം ആഗ്രഹിക്കുന്ന വിധത്തിലുള്ള ഭരണസമ്പ്രദായം അനുവദിച്ചു തരുന്നതിനു് നമ്മുടെ ഗവമ്മെണ്ടു് മടി കാണിക്കുന്നുവെന്നാണു് ഞാൻ ചോദിക്കുന്നതു്. ഈ അല്പസമ്പ്രദായത്തിലുള്ള ഉത്തരവാദിത്വഭരണംകൊണ്ടു്—വെറും ദ്വന്ദഭരണംകൊണ്ടു്—ഇനി കൊച്ചിയിലെ ജനങ്ങൾ അടങ്ങിയിരിക്കുകയില്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ഇവിടെ പരിപൂർണ്ണമായ ഉത്തരവാദിത്വഭരണം, ഇവിടത്തെ ജനങ്ങൾക്കു് ഭരണത്തിലെ ഓരോ ഘട്ടനകളിലും സർവ്വവിധമായ അവകാശങ്ങൾ തരുന്ന പരിപൂർണ്ണമായ ഉത്തരവാദിത്വഭരണം ആവശ്യമാണെന്നും, അതു ഏറ്റവും അടിയന്തിരമായ ഒന്നാണെന്നും, കൊച്ചിയിലെ ജനസഞ്ചയം ആവശ്യപ്പെടുന്നുവെന്നു് ഈയവസരത്തിൽ ഈ സഭമുഖാകെ ഞാൻ ഗവമ്മെണ്ടിനെ അറിയിക്കുന്നതിനു് ആഗ്രഹിക്കുന്നു.

സാമുദായികമണ്ഡലങ്ങളിൽനിന്നു വരുന്ന ഞങ്ങളെപോലെയുള്ള മെമ്പർമാർക്ക്, ഈ രാജ്യത്തിലെ സാമുദായികവിഷയത്തിൽ ഗവമ്മെണ്ടു് അനുവർത്തിക്കുന്ന നയങ്ങളെ സംബന്ധിച്ച് ചില വിമർശനങ്ങൾ ചെയ്യേണ്ടതായ ആവശ്യമുണ്ടെന്നു തോന്നുന്നു. കഴിഞ്ഞ കൊല്ലത്തെ ഭരണറിപ്പോർട്ട് പരസ്യം ചെയ്തതിൽനിന്നു് ഈ രാജ്യത്തിലെ സർവ്വീസ്സിലുള്ള ചില ഉദ്യോഗസ്ഥന്മാരുടെ കണക്കുകൾ കാണുവാൻ സാധിച്ചിട്ടുണ്ടു്. വാസ്തവത്തിൽ ഒരു ഗവമ്മെണ്ടിനും ഭൂഷണമല്ലാത്ത വിധത്തിലുള്ള ആ പട്ടിക, ഒരു പരിഷ്കൃതമായ ഗവമ്മെണ്ടിനെ നാണിപ്പിക്കത്തക്കവിധത്തിലുള്ളതാണെന്നാണു് എനിക്കു തോന്നുന്നതു്. രാജ്യത്തിൽ പല സമുദായങ്ങളുമുള്ളതിൽ പ്രയത്നശാലികളും, കഷ്ടകരുമായ സമുദായങ്ങളെ ഗവമ്മെണ്ടു് ഭരണക്രമത്തിൽനിന്നു് പുറംതള്ളി, അവക്കു യാതൊരു വിധമായ അവകാശങ്ങളും നല്കാത്ത വിധത്തിൽ, ഇവിടത്തെ ഗവമ്മെണ്ടു് സർവ്വീസ്സിലുള്ള ഉദ്യോഗനിയമനം ഇനിയും തുടർന്നുകൊണ്ടുപോകുവാനാണു കൊച്ചിഗവമ്മെണ്ടിനു ഭാവമെങ്കിൽ ഒരു രാജ്യസ്നേഹിയെന്ന നിലയിൽ എനിക്കു് അതിനെപ്പറ്റി ചോദിക്കാതിരിക്കുവാൻ നിവൃത്തിയില്ല. ഈ രാജ്യത്തിൽ അനവധി ജനങ്ങൾ ജീവിക്കുകയും, അവർ ഇവിടത്തെ ഭരണം ശരിയായി നടക്കണമെന്നു് ആഗ്രഹിക്കുകയുംചെയ്യുന്നവരുമാണു്. അവരുടെ ആഗ്രഹം നിറവേറുന്നതിനായി ഗവമ്മെണ്ടിനോടു പലവിധത്തിലും സഹകരിച്ചു് അവർ പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ടു്. ഇവിടെ സാമുദായികമായ വഴക്കുകളുണ്ടെങ്കിൽ അതിനുത്തരവാദി ഗവമ്മെണ്ടും, ഗവമ്മെണ്ടിനെ നിയന്ത്രിക്കുന്ന ആളുകളുമാണെന്നു പറയാതെ നിവൃത്തിയില്ല. രാജ്യത്തിലെ ജനങ്ങൾ സന്തുഷ്ടിയോടുകൂടി ജീവിക്കുന്നതിനും, പരസ്പര സൌഹാർദ്ദത്തോടുകൂടി വർത്തിക്കുന്നു

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

തിന്നും, രാഷ്ട്രീയമായി പൊതുകാര്യങ്ങളിൽ സഹകരണബുദ്ധിയോടുകൂടി പെരുമാറുന്നതി നും, തടസ്സങ്ങളുണ്ടാക്കുന്ന ചില ദുർമ്മോഹികൾ അവരുടെ സ്വന്തം കാര്യങ്ങൾക്കും സ്വാർത്ഥ ലാഭങ്ങൾക്കുംവേണ്ടി ഉദ്യോഗനിയമനങ്ങളിൽ പക്ഷപാതിത്വം കാണിക്കുന്നതു്, വാസ്തവ ത്തിൽ സാമുദായികമായ കക്ഷിമത്സരമുണ്ടാക്കുകയാണെന്നു പറയാതെ നിവൃത്തിയില്ല. കൊച്ചിരാജ്യത്തിൽ സാമുദായിക വഴക്കുകളും, സാമുദായ വാദങ്ങളും ഉണ്ടാകുന്നുണ്ടെങ്കിൽ അതിനു കാരണം കൊച്ചിയിലെ ഗവൺമെണ്ടാണെന്നു് എനിക്കു് ധൈര്യമായി പറയുവാൻ സാധിക്കും. അതിനാൽ ഉദ്യോഗനിയമനകാര്യത്തിൽ ഗവൺമെണ്ടു് അവരുടെ പ്രഖ്യാപി തനയം പ്രവൃത്തിപഥത്തിൽകൊണ്ടുവരുന്നതിനു് എന്തെങ്കിലും ഒരു നിവൃത്തിമാർഗ്ഗം ഉടനടി ചെയ്യാത്തപക്ഷം തീച്ചയായും ഈ രാജ്യത്തെ അപകടകരങ്ങളായ സ്ഥിതിഗതികളിലേക്കു് നയിക്കുവാനിടവരുമെന്നു് ഞാൻ ഈയവസരത്തിൽ ഗവൺമെണ്ടിനു് ഒരു മുന്നറിയിപ്പു് നല്കുകതന്നെ ചെയ്യുന്നു.

വേറെ ഒരു കാര്യം പറയുവാനുള്ളതു് ഈ രാജ്യത്തെ കർഷകരെ സംബന്ധിച്ചാണു്. ഈ രാജ്യം കർഷകരുടേതെന്നും, ഈ രാജ്യത്തിന്റെ നട്ടെല്ലു് കർഷകരാണെന്നും ഇതിനുമുമ്പു് പലരും ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണു്. യുദ്ധംമൂലമുണ്ടായിട്ടുള്ള ഭക്ഷണദൌർല്ലഭ്യംകൊ ണ്ടു് ഈ രാജ്യത്തിലുള്ള കൃഷിവികസനത്തിനുവേണ്ടി ഗവൺമെണ്ടു് കൂടുതൽ ശ്രദ്ധപതിപ്പിച്ചു കൊണ്ടിരിക്കുകയാണു്. ഇനി കർഷകർക്കു് ഉപജീവനമാർഗ്ഗത്തിനും, അവരെ ഇതുവരെ ഞെ രുക്കികൊണ്ടിരുന്ന കടബാദ്ധ്യതകൾക്കു എന്തെങ്കിലുമൊരു നിവാരണം ഉണ്ടാക്കുന്നതിനും സൗകര്യമായ വിധത്തിൽ ഗവൺമെണ്ടു് പ്രവൃത്തിച്ചിട്ടുണ്ടോയെന്നു് നമ്മൾ പരിശോധിക്കുന്ന പക്ഷം, അതിനു് പല നിയമനിർമ്മാണങ്ങളും പാസ്സായിട്ടുണ്ടെങ്കിലും, കർഷകരെ അഭിമുഖീ കരിക്കുന്ന വിഷമപ്രശ്നത്തിനു് അവ തീരെ പോരാതെയാണിരിക്കുന്നതെന്നു് കാണുവാൻ സാ ധിക്കും. കൃഷി വ്യാപൃലീകരണശ്രമം ഒരുപ്പു പണിയുന്ന നിലങ്ങളിൽ മുരുപ്പു പണിയുന്ന തിനുള്ള സൗകര്യതകളുണ്ടാക്കണമെന്നു പറയുന്നു. ഈ രാജ്യത്തിലെ കൃഷിസ്ഥലങ്ങളെല്ലാം സാധുക്കളായ ചില കൃഷിക്കാർ൪നിന്നു് ജന്മിമാരിലേക്കും, പണവ്യാപാരികളിലേക്കും സംക്രമിക്കുന്നതിനുള്ള ഭയങ്കരങ്ങളായ സ്ഥിതിഗതികളാണു് ഇവിടെ തുടർന്നുപോകുന്നതെന്നു കാണുവാൻ സാധിക്കും. കൃഷിസ്ഥലങ്ങളെല്ലാം ജന്മിമാരുടെ കൈവശത്തിൽ പോകുന്നതു കൊണ്ടു് രാജ്യത്തിലെ ഭൂരിപക്ഷം ജനങ്ങൾക്കും, കൃഷി വ്യാപൃലീകരണംതന്നെ ഉണ്ടാകുന്നപ ക്ഷം, ഉൽപ്പന്നങ്ങളുടെ വിഭവങ്ങൾകൊണ്ടോ, മറ്റുള്ള സാഹചര്യങ്ങൾകൊണ്ടോ ഉള്ള യാതൊരു ഗുണങ്ങളും സിദ്ധിക്കുന്നതിനു് അവസരം ലഭിക്കുന്നില്ല. അതിനാൽ രാജ്യത്തി ലെ സാധുക്കളായ കൃഷിക്കാരുടെ രക്ഷക്കുവേണ്ടി എന്തെങ്കിലും അടിയന്തരമായ ഒരു നിയമ നിർമ്മാണം, ഗവൺമെണ്ടു് ചെയ്യാതിരിക്കുന്നതു് വലിയൊരു കുറ്റവിലോപമായി രിക്കുമെന്നു് ഞാൻ ഈയവസരത്തിൽ ഗവൺമെണ്ടിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

വേറെയൊരു സംഗതി എനിക്കു പറയുവാനുള്ളതു് ഗവൺമെണ്ടിന്റെ ഭരണച്ചിലവു് ദൈനംദിനം എന്നപോലെ വർദ്ധിച്ചുവരുന്നുവെന്നുള്ളതാണു്. വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറക്കുകയും, ചെറിയ ഉദ്യോഗസ്ഥന്മാർക്കു് പ്രത്യേകിച്ചു് ഈ യുദ്ധപരിതസ്ഥിതിയി ന്നുസരിച്ചു് ജീവിക്കുവാൻ സാധിക്കുന്ന വിധത്തിൽ ശമ്പളം കൂടുതൽ കൊടുക്കുകയുംചെയ്യണ മെന്നു് ഈ നിയമസഭ ഗവൺമെണ്ടിനോടു് ഉപക്ഷേപങ്ങൾ വഴിയായും, നിവേദനങ്ങൾ വഴിയായും പലപ്പോഴും അഭ്യർത്ഥിച്ചിട്ടുള്ളതാണു . എന്നാൽ ഗവൺമെണ്ടു് അതിനു് അംഗീകര ണം കൊടുത്തു കാണുന്നില്ല. ചില ഉദ്യോഗസ്ഥന്മാർക്കു് ചില തല്ക്കാല പരിതസ്ഥിതികളിൽ ശമ്പളം കൂട്ടുകയും, കുറക്കുകയും ചെയ്തുകയല്ലാതെ ശമ്പളക്രമീകരണത്തെ സംബന്ധിച്ചു് ഗവ ൺമെണ്ടു് എന്തെങ്കിലും ഒരു പ്രഖ്യാപിതനയം സ്വീകരിച്ചിട്ടുണ്ടോയെന്നാണു് എനിക്കു ചോ ദിക്കുവാനുള്ളതു്. ഈ രാജ്യത്തിലെ ഒരു കോടി ചില്വാനം രൂപവരവുള്ളതിൽ ഉദ്ദേശം ൪൦ ലക്ഷം രൂപയോളം ഇവിടത്തെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിന്നായി ചിലവാക്കി ട്ടുണ്ടെന്നു് ബഡ്ജറ്റു് പരിശോധിച്ചാൽ കാണുവാൻ കഴിയുന്നതാണു്. ഈ പണമെല്ലാം ചില വലിയ ആളുകൾ പങ്കുവെച്ചു് എടുക്കുന്നുവെന്നല്ലാതെ ഗവൺമെണ്ടിന്റെ താഴ്ന്ന ജീ വനക്കാരുടെ ശമ്പളം കൂട്ടികൊടുക്കുന്നതിന്നായി വിനിയോഗിക്കുന്ന യാതൊരു പ്രയത്നവും ഗവൺമെണ്ടു് സ്വീകരിച്ചിരിക്കുന്നതായി കാണുന്നില്ല. വാസ്തവത്തിൽ പബ്ലിക്കു് സർവ്വീസ്സിൽ ഗവ ൺമെണ്ടിന്റെ കാര്യക്ഷമതക്കാവശ്യമായ പ്രധാന സംഗതികൾ രാജ്യത്തിലെ ഭരണം നടത്തുന്ന ഉദ്യോഗസ്ഥന്മാരുടെ സംതൃപ്തിയാണെന്നുള്ളതു് രാജ്യഭരണശാസ്ത്രത്തിലെ പ്രാഥമികമായ ഒരു പാഠംമാത്രമാണു്. എന്നാൽ കൊച്ചിരാജ്യത്തിലെ കഴിഞ്ഞ ചില സംവത്സരങ്ങളിൽ പ്രധാ നമായ ഒന്നാണു് പോലീസ്സു് സ്ട്രൈക്കു്. ഈവക സംഭവങ്ങൾ ഗവൺമെണ്ടിന്റെ ഏറ്റവും അന്ധമായ നയത്തിന്റെ പ്രത്യക്ഷമായ ഒരു ഉദാഹരണമല്ലെയെന്നു ഞാൻ ചോദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഗവമ്മെണ്ടുദ്യോഗസ്ഥന്മാക്കു് കൂടുതൽ സംതൃപ്തിയുണ്ടാകുന്ന വിധത്തിൽ അവക്കു് നല്ലൊരു വേതനത്തിൽ പരിഷ്കാരങ്ങൾ ഉണ്ടാക്കണം. മഹാരഥന്മാരായ ഉദ്യോഗസ്ഥന്മാക്കു് കൊടുക്കുന്ന ശമ്പളത്തിൽ വേണ്ടവിധത്തിലുള്ള ഒരു ക്രമീകരണം നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിയെ പരിഗണിച്ചുകൊണ്ടു് ചെയ്യേണ്ടകാലം അതിക്രാന്തമായിരിക്കുന്നു. എന്നതന്നെയല്ല, കൊച്ചിയിലെ തൊഴിലാളികളെ സംബന്ധിച്ചു് ശരിയായ വിധത്തിൽ ഗവമ്മെണ്ടു് വേണ്ടതായ കാരുണ്യം അവരുടെ നേരെ കാണിക്കുന്നില്ലെന്നുള്ള പരാതി വാസ്തവമാണു്. ഇവിടെ ഒരു തൊഴിലാളി കമ്മീഷണരുണ്ടെന്നു് അറിയുന്നു. എന്നാൽ അദ്ദേഹം എന്തു പ്രവൃത്തിയാണു് ചെയ്യുന്നതു്? അദ്ദേഹത്തിന്റെ നിയന്ത്രണാധികാരത്തിൽ ഇവിടത്തെ തൊഴിലാളി മുതലാളി വർഗ്ഗങ്ങളെ രഞ്ജിപ്പിക്കുന്നതിനു് വല്ലതും സാധിച്ചിട്ടുണ്ടോയെന്നാണു ഞാൻ ചോദിക്കുന്നതു്. ഇവിടത്തെ തൊഴിലാളികളുടെ അസ്വാസ്ഥ്യത്തെ പരിഗണിച്ചുനോക്കുമ്പോൾ ആ അസ്വാസ്ഥ്യംകൊണ്ടുള്ള അനന്തരഫലങ്ങൾ ഈ രാജ്യത്തെ തൊഴിലാളി പ്രശ്നത്തിനു് എന്തെങ്കിലും ഒരു ഗുണം ചെയ്തിട്ടുണ്ടോയെന്നു് പരിശോധിച്ചുനോക്കുന്നപക്ഷം, വാസ്തവത്തിൽ ഇവിടത്തെ തൊഴിലാളികളെ സംബന്ധിച്ചുള്ള ഗവമ്മെൻറിന്റെ ശ്രദ്ധ ഏറ്റവും ദയനീയമായ വിധത്തിലാണെന്നു പറയേണ്ടിയിരിക്കുന്നു. ഇവിടത്തെ തൊഴിലാളി കമ്മീഷണക്കു് വേറെ ഉദ്യോഗം ഭരിക്കേണ്ടതുള്ളതുകൊണ്ടു് അദ്ദേഹത്തിനു വേണ്ടവിധത്തിൽ തൊഴിലാളികളുടെ കാര്യങ്ങൾ അന്വേഷിക്കുവാൻ സാധിക്കാതെവരുന്നു. ആയതുകൊണ്ടു് ഈപ്രശ്നത്തിനു ശരിയായ വിധത്തിൽ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു്, തൊഴിലാളികളുടെ അസ്വാസ്ഥ്യങ്ങളില്ലാതാക്കുന്നതിനു് പരിശ്രമിക്കാത്തിടത്തോളം കാലം ഏറ്റവും ഗൌരവമായസ്ഥിതിഗതികളെ കൊച്ചി രാജ്യത്തിലേക്കു് കൊണ്ടുവരികയാണെന്നുള്ള സംഗതിയും ഞാൻ ഈ അവസരത്തിൽ ഗവമ്മെണ്ടിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

വേറെ ഒരു സംഗതി എനിക്കു് പറയുവാനുള്ളതു് വീണ്ടും രാജ്യത്തിലെ സാമുദായിക പ്രശ്നങ്ങളെ സംബന്ധിച്ചാണു്. ഇന്നു ചില സമുദായങ്ങൾ അവരുടെ സംഘടനാരാഹിത്യം കൊണ്ടോ, അവരുടെ സ്വാധീനക്കുറവുകൊണ്ടോ, ഇന്നത്തെ ഈ യുദ്ധപരിതസ്ഥിതികളെ പരിഗണിച്ചുകൊണ്ടോ, ഈവിധ കാര്യങ്ങളിൽ സമർത്ഥമായ പ്രക്ഷോഭണങ്ങൾ നടത്തുന്നില്ലെന്നു വിചാരിച്ചു് ഈ അവസരത്തെ ഗവമ്മെണ്ടു് ദുരുപയോഗപ്പെടുത്തരുതെന്നു് ഞാൻ ഗവമ്മെണ്ടിനോടു അഭ്യർത്ഥിക്കുന്നു. വെറും ഹജ്ജിക്കാരായി കഴിഞ്ഞുകൂടണമെന്നല്ല ഞാൻ പ്രതിനിധീകരിക്കുന്ന സമുദായം ആഗ്രഹിക്കുന്നതു്. ഈ രാജ്യത്തെ ഭൂരിപക്ഷം ജനങ്ങൾക്കു്, ഈ രാജ്യത്തെ വിഭവസമൃദ്ധമാക്കിതീർക്കുന്ന ഞങ്ങളെപ്പോലെയുള്ള സമുദായങ്ങൾക്കു് ഇവിടത്തെ രാജ്യഭരണനിയന്ത്രണത്തിൽ ശരിയായ സ്ഥാനം വേണമെന്നു് പറയുമ്പോൾ അതിനെ അവഗണിക്കുകയാണെങ്കിൽ, അതു വെറും ഹജ്ജിക്കായ്പോലെ തള്ളുകയാണെങ്കിൽ അതു സമ്മതിച്ചുകൊടുക്കുവാൻ ആരും തയ്യാറാകയില്ലെന്നു് ഗവമ്മെണ്ടു് നല്ലപോലെ മനസ്സിലാക്കേണ്ടതാണു്. ഈ സംഗതി ഗവമ്മെണ്ടിനെ ഒന്നുകൂടി ധരിപ്പിച്ചുകൊണ്ടു് ഞാൻ എന്റെ പ്രസംഗം ഉപസംഹരിച്ചുകൊള്ളുന്നു.

Mr. Puthur Achyuta Menon *(Kattur)*: Mr. President, Sir, At the outset I may state that I had not the least idea of partaking in the Budget Speech but a few remarks by some of my Hon'ble friends have made it necessary for me to speak at least a few words about the budget and the policy adopted by the Government because this is the time in which we used to have an opportunity for commencing or criticising the action of the Government. Sir, as demonstrated by the speeches of some Hon'ble friends I do confess that I have not taken the pains to study or scrutinise the budget at large but a perusal of the budget will convince any member of this house that there is nothing in the budget after all to be commented upon or to be appreciated. What we see in the budget is that there is an increase on the receipt side from 1107 to 1117 to the extent of 36 per cent while the increase in the expenditure of the Government for what they call nation-building departments is only 3½ per cent. That is the sorry feature that we find in the budget and that is the sorry feature of the budget for which the Government has been congratulated. I do not find my way to congratulate the Government for preparing such a budget. This is not the sort of budget that the Cochin public expects from the socalled progressive Government of Cochin. But I have to congratulate the Government for at least one feature of the budget. I am one of the few,—at least from the time I became a member of the house—who agitated that rural reconstruction in the Cochin State consists in having ample minor irrigation facilities. By a reference to the proceedings of this

LIBRARY ARCHIVES Kerala Legislative Assembly

House I can convince this House that my agitation was that more and more amounts must be spent for the promotion of irrigation facilities and if you have made proper facilities for irrigation the country will improve in spite of all your programme for rural reconstruction because Cochin after all is an agricultural country and if there is all possible means of cultivating the property properly there will not be any difficulty whatsoever.

Sir, my Hon'ble friends Mr. Iyyunni and Mr. Viswambharan were harping on the communal question. Without any difficulty I can also harp on that question because I can convince this House that I am one of the privileged communities who always stood for communal representation. Even now I stand for communal representation. Sir, I ask the Hon'ble Members to feel their hearts and then say whether the community on which these attacks are made deserves it. Is the community which you attack getting a proper share? I am not allowed to expand on that matter because the rules regarding proceedings of this House or the rules relating to the discussion of matters in the Council will not allow me to do so. The Nayar community whom you attack so terribly does not deserve that attack because the Nayar community, underline the two words, is not even today getting its legitimate share.

Sir, Cochin is considered to be a very progressive State. Even now we find that there is a ban on processions in Cochin State. Can the Government convince us on what basis that ban was placed. If there was a time when that ban was thought to be necessary, now there is no more necessity for that ban and where is the justification for keeping that ban even today? My humble submission is that it is high time that the Government do not interfere with the civic rights of the people of the State. Often they have interfered and we cannot bear it long.

Regarding food production I have to speak a word before I close. I am not an expert on food production drive or the food control drive. If there is one endeavour of the Cochin Government which has won the approbation and appreciation of the people of Cochin it is the food production scheme. The people have realised that the Hon'ble Minister has taken a step in the right direction and have fully responded to the call of the Government.

Regarding the food control scheme I have to say a word. There is something wrong somewhere because even now we hear real grievances of the people in this matter. Examine the whole thing and find out what is wrong in the food control scheme and try to see that the people of the Cochin State are getting rice for the proper price at the proper places.

Sir, about the co-operative movement I want to speak one word before I close. It is high time that something must be done to save that movement in the State because everywhere we find liquidation committees. Sir, it is a department which we all appreciate and which we all hope to develop. The persons who are responsible for that may kindly see that the co-operative societies in the State work soundly. With these few words I conclude.

മിസ്റ്റർ സി. വി. ഇയ്യു: മിസ്റ്റർ പ്രസിഡണ്ട്, സർ, നമ്മുടെ ദിവാൻ പ്രസിഡണ്ട് അവർകളെ അദ്ദേഹത്തിന്റെ സ്ഥാനലബ്ധിയിൽ ഞാൻ അനുമോദിക്കുന്നതോടുകൂടി നമ്മുടെ ഗവണ്മെൻറിനോട് എത്രയും വിനയമായി, എത്രയും ദയവായി എനിക്ക് അപേക്ഷിക്കാനുള്ള ഒരു കാര്യമാണ് എനിക്ക് ആദ്യമായി ബോധിപ്പിക്കാനുള്ളത്. നമ്മുടെ ഒന്നാം ഗ്രേഡ് ഉദ്യോഗസ്ഥന്മാക്ക്, നമ്മുടെ ബഹുമാനപ്പെട്ട ഹൈക്കോട്ടിലെ ജഡ്ജിമാക്ക് റാവു സാഹിബ് എന്ന സ്ഥാനമാണ് സാധാരണ കൊടുത്തുവരുന്നത്. അപൂർവ്വം ചിലക്ക് റാവു ബഹദൂർ എന്നും കൊടുത്തിട്ടുണ്ട്. എന്നാൽ ഈ റാവു സാഹിബ് സ്ഥാനം ബ്രിട്ടീഷിൽ ചില നല്ല മേസ്തിരിമാക്കാണ് കൊടുക്കുന്നത്. നമ്മുടെ ദിവാൻജി ഒരു നാട്ടുകാരനായിരുന്നുവെങ്കിൽ അദ്ദേഹത്തിനു ഒരു റാവു സാഹിബ് എന്നൊ കവിഞ്ഞതു റാവു ബഹദൂർ എന്നൊ ഉള്ള ഒരു ബഹുമതിയിൽ കവിഞ്ഞൊന്നും കിട്ടുകയില്ലായിരുന്നുവെന്നു ഞാൻ വിചാരിക്കുന്നു. ബഹുമതി കൊടുക്കണമെങ്കിൽ അതു ഉദ്യോഗസ്ഥന്മാരുടെ സ്ഥിതിക്കൊത്ത ബഹുമതി കൊടുക്കണം. അല്ലെങ്കിൽ അതു കൊടുക്കാതിരിക്കയാണ് വേണ്ടതു. ഈ അതിപ്രധാന സംഗതി ഇൻഡ്യാ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെടുത്തണമെന്നു ഞാൻ നമ്മുടെ ഗവണ്മെൻറിനോട് അപേക്ഷിക്കുന്നു.

മൂന്നാമത്തെ കൊല്ലത്തിലെ ബഡ്ജറ്റ് സമ്മേളനത്തിലും ഹാർബറിലെ ഉദ്യോഗനിയമനങ്ങളെ സംബന്ധിച്ച് ആവത്തിച്ചു പറയാനിടവന്നതിൽ വ്യസനിക്കുന്നു. ഞാൻ ഇതിനെ സംബന്ധിച്ച് ഇക്കൊല്ലത്തിൽ കുറെ ചോദ്യങ്ങളും ഗവണ്മെൻറിനോട് ചോദിക്കുകയുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മട്ടാഞ്ചേരി മെമ്പർ അവർകളും ഈ വിഷയത്തെപ്പറ്റി ചോദ്യങ്ങൾ അയക്കുകയുണ്ടായിട്ടുണ്ട്. അതിനു അന്നത്തെ ജോയിൻറ് സിക്രട്ടറി മറുപടി പറഞ്ഞിട്ടുള്ളതു ഈ വിഷയം ഹാർബർ അധികാരികളുടെ ശ്രദ്ധയിൽ പെടുത്തിട്ടുണ്ടെന്നും

LIBRARY ARCHIVES Kerala Legislative Assembly

കൊച്ചീരാജ്യക്കാക്ക് വീതമനുസരിച്ച് ധാരാളം ഉദ്യോഗങ്ങൾ കൊടുത്തിട്ടുണ്ടെന്നുമാണ്. മൈലാപ്പൂരിൽ നിന്നും തഞ്ചാവൂരിൽനിന്നും ഇവിടെ വന്ന ഒരു സെൻറ് ഭൂമി വാങ്ങിച്ച് കൊച്ചീക്കാരായി ചമഞ്ഞു ഉദ്യോഗത്തിൽ ഇരിക്കുന്നവരാണ് ഇപ്പോൾ ഹാർബറിലുള്ള കൊച്ചീരാജ്യക്കാർ എന്ന പറയുന്ന ഉദ്യോഗസ്ഥന്മാർ. വാസ്തവത്തിൽ യഥാർത്ഥ കൊച്ചീക്കാരായ ഉദ്യോഗസ്ഥന്മാർ വളരെ കുറവാണ്. ഒരാൾ ഇവിടെവന്ന ഭൂമി വാങ്ങി താമസമായാൽ തന്നെ ഒരു ക്ലിപ്തകാലം കഴിഞ്ഞശേഷമേ ഈ രാജ്യത്തെ പ്രജയാകയുള്ളു എന്ന ഒരു വ്യവസ്ഥയുണ്ടെങ്കിൽ തരക്കേടില്ലെന്നാണ് എനിക്കു തോന്നുന്നത്. ഇവിടെ ഉദ്യോഗം കിട്ടുന്നതിനുവേണ്ടി മാത്രം ഭൂമി വാങ്ങിച്ചിട്ടുള്ള ആളുകളുണ്ട്. ഇവിടത്തെ (Nationalisation) സംബന്ധിച്ച് ഒരു ശരിയായ നിയമം നിർമ്മിക്കണം. ലോകത്തിൽ ഒരു രാജ്യത്തും നടപ്പില്ലാത്ത വ്യവസ്ഥകളോടുകൂടിയതായ (Nationalisation) കല്പനകളാണ് ഇവിടെ ഉള്ളത്. എന്നാൽ ആ കല്പനകളെ തന്നെ ലംഘിച്ചിട്ടുള്ള ഉദ്യോഗനിയമനങ്ങൾ ധാരാളമായി നടക്കുന്നുണ്ട്. ഫ െ ക. ശമ്പളത്തിൽ ഒരു സ്കൂൾമിസ്ട്രസ്സായി തിരുവിതാംകൂറുകാരിയായ ഏതൊ ഒരു അച്ചാമ്മ കുരുവിള എന്ന ഒരു സ്ത്രീയെ ഇവിടെ സ്റ്റാഫ് സ്പെഷൽ ബോർഡ് നിയമിച്ചിട്ടുണ്ട്. അവർ തിരുവിതാംകൂർകാരിയും മാത്തോമസമുദായത്തിൽ പെട്ടവനെന്നു നടിക്കുന്നവരുമാണ്. ഒരുശതമാനം ഉദ്യോഗമേ ആ സമുദായത്തിനുള്ളു. ആ സമുദായത്തിലുൾപ്പെടുന്ന യഥാർത്ഥ കൊച്ചീക്കാരിൽനിന്നും ഫ െ ക. യുടെ ഉദ്യോഗത്തിനു പ്രാപ്തിയുള്ള സ്ത്രീപുരുഷന്മാർ ധാരാളം കിട്ടും. തിരുവിതാംകൂറിൽ ജനിച്ചു തിരുവിതാംകൂറിൽ വളർന്നു തിരുവിതാംകൂറിൽ ജീവിക്കുന്ന ഒരു സ്ത്രീയെ തിരഞ്ഞു നിയമിച്ചിട്ടുള്ള നയം വളരെ ആക്ഷേപാർഹമാണ്. ഈ സംഗതി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടും വീണ്ടും വീണ്ടും ആ സ്ത്രീയെതന്നെ നിയമിച്ചുകൊണ്ടേ ഇരിക്കുന്നു! തലപ്പുള്ളി താലൂക്കിലുള്ളവരും സ്റ്റാഫ് സിലക്ഷൻ ബോർഡിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുമായി മുൻപറഞ്ഞ മിസ്സ് അച്ചാമ്മ കുരുവിളക്കുള്ള അതേപരീക്ഷായോഗ്യതയുള്ള കൊച്ചീക്കാരിയായ ഒരു മാത്തോമാക്കാരി ഉണ്ടായിരുന്നു! അതും അവഗണിച്ചാണ് ഈ നിയമനം നടത്തിയതു്. അതുകൊണ്ട് ഏതുവിധമായാലും ഉദ്യോഗനിയമനക്കാര്യത്തിൽ യഥാർത്ഥകൊച്ചീക്കാരുടെ അവകാശം സംബന്ധിച്ചിടത്തോളം ഒരു ക്ലിപ്തനിയമം ഉണ്ടാക്കണമെന്നു ഞാൻ ഗവൺമെണ്ടിനോടു അഭ്യർത്ഥിക്കുന്നു. ഞാൻ ഒന്നാമതും ഒടുവിലും ഒരു കൊച്ചീക്കാരനാണ്.

കൊച്ചീരാജ്യത്തു് എല്ലാമതങ്ങളിലുമുള്ള ആളുകൾക്കു് തുല്യമായ മതസ്വാതന്ത്ര്യം കിട്ടുന്നില്ല. മതസ്വാതന്ത്ര്യത്തിനു വിഘാതം വരുത്തുന്ന ചില നിയമങ്ങളും ഈരാജ്യത്തു വന്നുകൂടീട്ടുണ്ട്. ഈശ്വരാരാധനസ്ഥലങ്ങൾ സ്ഥാപിക്കുന്നതു് മറെറാരു ആരാധനസ്ഥലത്തിൽനിന്നും അര നാഴിക അകലെ ആയിരിക്കണമെന്നുള്ളതാണ്. കുന്നുകളത്തെപ്പോലുള്ള ഒരു സ്ഥലത്തു അതുമൂലം വളരെ അസൌകര്യം നേരിടുന്നതാണ്. അവിടെ ഹിന്ദുക്കളോ മുസ്സൽമാന്മാരൊ ആയി മതപരിവർത്തനം ചെയ്യണമെന്നു ആഗ്രഹമുള്ള ക്രിസ്ത്യാനികളുണ്ടെങ്കിൽ അവർക്കു ആരാധനസ്ഥലം ഇല്ലാത്തതുകൊണ്ടു് മതപരിവർത്തനസൌകര്യമില്ലാതെയാണ് വന്നിരിക്കുന്നതു്. ഏതെങ്കിലും മതത്തിലേക്കു് ആത്മാർത്ഥവിശ്വാസത്തോടുകൂടി ആരെങ്കിലും മതപരിവർത്തനം ചെയ്യുന്നതിനു ഞാൻ ഒരിക്കലും വിരോധിയായിരുന്നിട്ടില്ല.

Mr. A. B. Salem *(Mattancheri):* Is the Nayar Community a backward community?

Mr. C. V. Iyyu *(Kunnamkulam):* In my Taluk they are more backward than the depressed classes of Ernakulam and more backward than the Jews of Mattancheri in the matter of representation in the Government service.

മതസ്വാതന്ത്ര്യത്തെക്കുറിച്ചാണ് ഞാൻ പറയുന്നതു്. ആരാധനസ്ഥലങ്ങളില്ലാത്തതാണ് വഴക്കുണ്ടാകുന്നതിനു കാരണം ആരാധനസ്ഥലങ്ങൾ എവിടെ വേണമെങ്കിലും സ്ഥാപിക്കുന്നതിനു സൌകര്യമുണ്ടാകണം. അതിനെ തടയുന്നതായ നിയമങ്ങൾ നടപ്പിലുണ്ടെങ്കിൽ അതു നീക്കംചെയ്യണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നതു്. അടുത്തകാലത്തു ഗവൺമെണ്ടിന്റെ ഭരണത്തിലിരിക്കുന്ന ചില കുളങ്ങൾ കൃഷിയുടെ ആവശ്യത്തിനു ഉപയോഗിക്കത്തക്കവിധം പഞ്ചായത്തിന്റെ ഭരണത്തിൽ പൊതു ഉപയോഗത്തിനു വിട്ടുതന്നതിൽ ഞാൻ ഗവൺമെണ്ടിനെ അനുമോദിക്കുന്നു. അതിനു മഹാരാജാവു തിരുമനസ്സുകൊണ്ടും ഗവൺമെണ്ടും സവർണ്ണഹിന്ദുവായ മന്ത്രിയും കൊച്ചിയിലെ ഹിന്ദുസമുദായവും അഭിനന്ദനാർഹരാണ്. അതുപോലെ മഹാമനസ്കതയുള്ള ഒരു മഹാരാജാവു തിരുമനസ്സിലെ കാലത്തുതന്നെ മതസ്വാതന്ത്ര്യത്തിനുള്ള വിഘാതങ്ങളും നീക്കിത്തരണമെന്നു ഞാൻ അപേക്ഷിക്കുന്നു. നമ്മുടെ രാജ്യത്തേക്കു് ഈയ്യിടെ ബ്രിട്ടീഷിൻഡ്യയിലുള്ള ചില ഉദ്യോഗസ്ഥന്മാരെ ഇറക്കുമതിചെയ്യുകയുണ്ടായിട്ടുണ്ട്. അതിൽ ഒരാൾക്കുമാത്രമേ മലയാളം അറിഞ്ഞുകൂടൂ. ഇങ്ങി

LIBRARY ARCHIVES Kerala Legislative Assembly

നെ ഇറക്കുമതിചെയ്യുന്ന ആളുകൾ മലയാളം അറിഞ്ഞിരിക്കേണ്ടവരായിരിക്കണമെന്ന ഗവ മെണ്ട് ബ്രിട്ടീഷ് ഗവമെണ്ടിലേക്ക് എഴുതി അയക്കാഞ്ഞതിൽ ഗവമെണ്ടിനെയത്തെ കുറ്റം പറയാതെ നിവൃത്തിയില്ല. ഈയിടെ പൊല്ലീസ്സുവകുപ്പിലേക്ക് ഇറക്കുമതിചെയ്ത ആൾക്ക് മലയാളം അറിയാത്തതുകൊണ്ട് പല വിഷമതകൾ ഉണ്ടായേക്കാവുന്നതാണ്.

മിസ്റ്റർ ഇസ്മായിൽഹാജി ഇസാസേട്ട്: ദിവാൻജിക്ക് മലയാളം അറിയാമൊ?

മിസ്റ്റർ സി. വി. ഇയ്യു: അറിഞ്ഞുകൂടാ. ദിവാൻജിക്ക് മലയാളംകൂടി അറിഞ്ഞിരുന്നെങ്കിൽ ഏറെ നന്നായിരുന്നു. പോലീസു ഡിപ്പാർട്ട്മെണ്ടിൽ ഒരു കമ്മീഷണരെപ്പോലെയുള്ള വലിയൊരു ഉദ്യോഗസ്ഥനെ പ്രത്യേകചില പരിതസ്ഥിതിയിൽ ഇവിടെ ഇറക്കുമതി ചെയ്തതിൽ ഞാൻ ഈ ഘട്ടത്തിൽ ഗവമെണ്ടിനെ കുറ്റംപറയുന്നില്ല. പക്ഷെ അതിനേക്കാൾ താഴ്ന്ന ഉദ്യോഗങ്ങളിലേക്ക് നിയമിക്കത്തക്ക ആളുകൾ ഇവിടെ ഉണ്ടായിരുന്നിട്ടും പുറത്തുനിന്നും എടുത്തു നിയമിച്ചതിൽ ഇവിടെ അഭ്യസ്തവിദ്യരായ ജനങ്ങൾക്ക് അഭിമാനക്ഷതം പറ്റിയിട്ടുണ്ടെന്നു വളരെ സങ്കടത്തോടുകൂടി പറയാതെ നിവൃത്തിയില്ല.

സമുദായപ്രാതിനിദ്ധ്യതത്വത്തെപ്പറ്റി എന്റെ സ്നേഹിതന്മാരിൽ ചിലർ ഇവിടെ വാദിക്കുകയുണ്ടായി. ഞാൻ സമുദായപ്രാതിനിദ്ധ്യവാദത്തെ രോധിയല്ല. എന്നാൽ സമുദായനീതി എന്ന ഒറ്റക്കാരണത്തിൽമാത്രം ആ കാര്യം കലാശിപ്പിക്കുന്നതു ശരിയല്ല. പ്രാദേശികപ്രാതിനിദ്ധ്യം അതായതു താലൂക്ക് പ്രാതിനിദ്ധ്യവുംകൂടി നോക്കണം. പ്രാദേശികപ്രാതിനിദ്ധ്യത്തോടുകൂടിയ സമുദായപ്രാതിനിദ്ധ്യം എത്രത്തോളം നടപ്പിൽ വരുത്താമൊ അത്രത്തോളം ചെയ്യണമെന്നാണ് ഞാൻ ഈ സഭയെ ഉൽബോധിപ്പിക്കുന്നതു. മട്ടാഞ്ചേരി മുസ്ലീം മെമ്പർ മുസ്ലീം സമുദായത്തിനു ശരിയായ ഉദ്യോഗപ്രാതിനിദ്ധ്യം കിട്ടുന്നില്ലെന്നു പറഞ്ഞു. തലപ്പള്ളി താലൂക്കിലെ മുസ്ലിമിങ്ങൾക്ക് എത്ര കിട്ടുന്നുണ്ടെന്നുള്ളതു ബഹുമാനപ്പെട്ട മെമ്പർ ആലോചിക്കണം. മുസ്ലിമിങ്ങൾക്കുള്ള വീതത്തിൽ ഉദ്യോഗം അധികം കിട്ടുന്നതു് എറണാകുളത്തും മട്ടാഞ്ചേരിയിലും കൊടുങ്ങല്ലൂരുമുള്ള മുസ്ലിമിങ്ങൾക്കാണ്. കൊച്ചി രാജ്യത്തു് എല്ലാതാലൂക്കിലുമുള്ള മുസ്ലിമിങ്ങൾക്കും വിദ്യാഭ്യാസസൌകര്യം കൂടുതൽ ഉണ്ടാകുന്നതിനു താലൂക്കുപ്രാതിനിദ്ധ്യതത്വസ്വീകരണം ഉപകാരപ്പെടുന്നതായിരിക്കും. അതുകൊണ്ട് മട്ടാഞ്ചേരി മുസ്ലീം മെമ്പറും കൊടുങ്ങല്ലൂർ മുസ്ലീം മെമ്പറും മുസ്ലീം സമുദായത്തിനു കിട്ടുന്നില്ല എന്നുപറഞ്ഞാൽ മാത്രം പോരാ. എല്ലാ താലൂക്കിലേയും മുസ്ലീമിങ്ങൾക്കും ശരിക്കുള്ള പ്രാതിനിദ്ധ്യം കിട്ടണമെന്നു വാദിക്കണമെന്നു ഞാൻ അവരോടു അഭ്യർത്ഥിക്കുന്നു.

മിസ്റ്റർ കെ. എം. ഇബ്രഹിം: അതു മിസ്റ്റർ ഇയ്യുണ്ണിക്കും ബാധകമല്ലേ?

മിസ്റ്റർ സി. വി. ഇയ്യു: മിസ്റ്റർ ഇയ്യുണ്ണിയുടെ സമുദായത്തിനു വേണ്ട പ്രാതിനിദ്ധ്യം കിട്ടിയിട്ടില്ലെന്നല്ല മിസ്റ്റർ ഇയ്യുണ്ണി പറയേണ്ടതു. തലപ്പള്ളി താലൂക്കിലുള്ള മിസ്റ്റർ ഇയ്യുണ്ണിയുടെ സമുദായത്തിനു വേണ്ട പ്രാതിനിദ്ധ്യം കിട്ടുന്നില്ലെന്നു പറയുക. അങ്ങിനെ പറയുന്നതാണ് എനിക്കു കൂടുതൽ ഇഷ്ടമായിരിക്കുന്നതു.

എല്ലാ ജാതിക്കാർക്കും പ്രവേശനമില്ലാത്ത നായർ ബ്രിഗേഡിനെ വളരെ നല്ല നിലയിൽ ഉയർത്തികൊണ്ടുവന്ന അതിനു് മിലിട്ടറി പരിശീലനം കൊടുക്കുവാൻപോകുന്നതായി അറിയുന്നതിൽ ഞാൻ സന്തോഷിക്കുന്നു. അതിലൊരു കമ്പനി തിരുവിതാംകൂറിൽ ചെയ്തിട്ടുള്ളതുപോലെ ഒരു സ്റ്റോറു "ഫോഴസു" ആയി പരിണമിപ്പിച്ചു അതിൽ എല്ലാ ജാതിക്കാർക്കും പ്രവേശനമുണ്ടാകത്തക്കവിധം പട്ടാളത്തെ പരിഷ്കരിക്കണമെന്നു ഞാൻ പല പ്രാവശ്യവും ആവശ്യപ്പെട്ടിട്ടുള്ളതാണു. അതു വീണ്ടും ഈ പ്രാവശ്യവും ഗവമെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തുന്നു. രാജ്യത്തിന്റെ സ്ഥിതി വളരെ അപകടത്തിലായിരിക്കുന്ന ഈ സന്ദർഭത്തിൽ ഈ രാജ്യത്തെ എല്ലാ ജാതിക്കാർക്കും പ്രവേശനമുള്ള ഒരു സ്റ്റോറു ഫോഴസു് ഉണ്ടായിരിക്കേണ്ടതു തീരെ ഒഴിച്ചുകൂടാത്ത ഒരു അത്യാവശ്യമായി ഞാൻ പരിഗണിക്കുന്നു. ഉദ്യോഗനിയമനകാര്യത്തിൽ എല്ലാ ജാതിക്കാർക്കും പ്രവേശനമില്ലാത്ത ചില ഡിപ്പാർട്ട്മെണ്ടുകളുണ്ടു്. ഇപ്പോൾ ഇങ്ങിനെയുള്ള ഡിപ്പാർട്ട്മെൻറുകൾ വല്ലിച്ചു വല്ലിച്ചു വരികയാണു്. ഗവമെൻറു് ചില എസ്റ്റാബ്ലിഷ്മെൻറുകളുടെ ഭരണം ഏറെറടുത്തതുകൊണ്ടു അങ്ങിനെയുള്ള ഡിപ്പാർട്ട്മെൻറുകൾ വല്ലിച്ചിട്ടുണ്ടു്.

രാമവർമ്മതമ്പുരാൻ: അതു ഏതൊക്കെയാണു്?

മിസ്റ്റർ സി. വി. ഇയ്യു: ഒന്നു പാലിയം.

രാമവർമ്മതമ്പുരാൻ: പാലിയം ഡിപ്പാർട്ട്മെൻറാണൊ?

മിസ്റ്റർ സി. വി. ഇയ്യു: ഈ വക ജോലികളിൽ നിയമിക്കുന്ന ആളുകളെ പൊതുഭരണവകുപ്പുകളിൽ നിന്നു നിർബ്ബന്ധപ്രയാസം മാറ്റി നിയമിക്കുന്നു. പൊതുഭരണത്തിനു വിധേയ

LIBRARY ARCHIVES Kerala Legislative Assembly

മായ ഉദ്യോഗത്തിലുള്ള ഉദ്യോഗസ്ഥന്മാരുടെ അവകാശങ്ങൾ അവഗണിച്ചു പ്രത്യേക ഭരണത്തിൻകീഴിലുള്ള ഉദ്യോഗസ്ഥന്മാക്ക് കയറ്റം കൊടുത്തുവരുന്നു. നമ്പൂതിരിമാരെപ്പോലെ വിദ്യാഭ്യാസത്തിൽ പിന്നോക്കം നില്ക്കുന്ന സമുദായങ്ങളുംപ്പെടുന്ന സവർണ്ണ ഹിന്ദുക്കളെ സവർണ്ണക്കു മാത്രം പ്രവേശമുള്ള ചില ഡിപ്പാർട്ട്മെൻറുകളിൽ നിയമിച്ചു പൊതുഭരണത്തിനു വിധേയമായ ഡിപ്പാർട്ട്മെൻറുകളിലേക്കയക്കുന്നതു ക്ഷന്തവ്യമാണു്. അതുംക്കൂടി ക്ലേശമെന്നു കഴിച്ചാൽ നന്നു്. മിസ്റ്റർ പണിക്കർ പറഞ്ഞിട്ടുള്ളതുപോലെ വയസ്സു് കൂടുവായി പറഞ്ഞിട്ടുള്ളവർ ആരൊക്കെയാണെന്നു കണ്ടുപിടിച്ചു് അവരെ പെൻഷൻ കൊടുത്തു പിരിക്കുകയാണെങ്കിൽ ആ സ്ഥാനത്തും കുറെ ആളുകളെ നിയമിക്കുവാൻ സാധിക്കും. എങ്ങിനെയായാലും അമിതപ്രാതിനിദ്ധ്യം ചിലർ അനുഭവിക്കുന്നതിനെ ഇല്ലാതാക്കി എല്ലാവക്കും എല്ലാസ്ഥലത്തും ശരിയായ പ്രാതിനിദ്ധ്യം അനുഭവിക്കുവാൻ ഇടവരുത്തേണ്ടതു അത്യാവശ്യമാണു്. വയോനിർണ്ണയം ആ വിധത്തിലും പ്രയോജനകരമാണു്.

* മിസ്റ്റർ ടി. കെ. നായർ: മിസ്റ്റർ പ്രസിഡണ്ടു് സർ, ഈ ചുമതലയേറിയ ഭാരം നിങ്ങൾ എന്നിൽ അർപ്പിച്ചതിനുശേഷം ആദ്യമായി നിങ്ങളുടെ മുമ്പിൽ എനിക്കു് ഏല്പിച്ചതന്നിട്ടുള്ള വകുപ്പുകളുടെ ഒരു ബഡ്ജറ്റു് സമർപ്പിക്കേണ്ടതായ ഈ ഒരു ഘട്ടം എന്റെ ജീവിതത്തിൽ എത്രയെത്രയോ ഗൌരവമേറിയ ഒന്നാണെന്നു് ഞാൻ ധരിച്ചിട്ടുണ്ടു്. അതു ധരിച്ചുകൊണ്ടുതന്നെയാണു് ഞാൻ ഈ നിയമസഭയിലേക്കു് കടന്നുവന്നതു്. എന്റെ എളിയ ബുദ്ധിയിൽ പെട്ടതും, എന്റെ സ്നേഹിതന്മാരിൽ നിന്നു് കിട്ടിയ ഉപദേശങ്ങളും അനുസരിച്ചും, രാജ്യക്ഷേമത്തിനൊത്തവണ്ണം ചില പദ്ധതികളെല്ലാം തയ്യാറാക്കി നിങ്ങളുടെ മുമ്പിൽ ഞാൻ സമർപ്പിക്കുകയുണ്ടായി. ഇന്നലേയും, ഇന്നും എന്റെ സ്നേഹിതന്മാർ ബഡ്ജറ്റിനെ സംബന്ധിച്ചു വിമർശനങ്ങളിൽ എനിക്കു് ഏല്പിച്ചുതന്നിട്ടുള്ള വകുപ്പുകളെ സംബന്ധിച്ചു്, വളരെ കർശനമായിട്ടുള്ള വിമർശനങ്ങളും നടത്തുകയുണ്ടായിട്ടില്ലെന്നുള്ളതു് ഞാൻ വലിയ അഭിമാനമായി കണക്കാക്കുന്നില്ല; കാരണം, തെറ്റുതീർന്നു ഒരു പദ്ധതിയാണു് നിങ്ങളുടെ മുമ്പിൽ ഞാൻ വെച്ചിരിക്കുന്നതെന്നു് നിങ്ങൾ തീർച്ചയാക്കി പാസ്സാക്കി തന്നുവെന്നു് ഞാൻ വിശ്വസിക്കുന്നില്ല. എന്റെ ഈ വിഷയത്തിലുള്ള പരിചയക്കുറവുകൊണ്ടും, ആദ്യംതന്നെ ഇത്ര ചുമതലയേറിയ ഒരു ഭാരം കയ്യേറ്റു നിങ്ങളുടെ മുമ്പിൽ വന്നിട്ടുള്ളതുകൊണ്ടും, നിങ്ങൾക്കു് എന്നിലുള്ള ദയവും സഹഭാവവുംകൊണ്ടു മാത്രം എന്നെ ഈ തവണ നിങ്ങൾ ഒഴിവാക്കിയതാണെന്നും, പരീക്ഷിച്ചുനോക്കുവാൻ ഒരു സന്ദർഭം തന്നതാണെന്നും മാത്രമേ ഞാൻ വിചാരിക്കുന്നുള്ളൂ. ഇനിമേലിലും എന്നിൽ അർപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളിലും നിങ്ങൾ ഇതേ നയവും മനോഭാവവും തന്നെ സ്വീകരിച്ചു്, എനിക്കു വേണ്ട ഉപദേശങ്ങളും തന്നു് എന്നെക്കൊണ്ടു് നടത്തിക്കണമെന്നു് എന്റെ മാന്യസ്നേഹിതന്മാരോടു ഞാൻ അപേക്ഷിക്കുന്നു. ഒന്നുരണ്ടു സംഗതികൾ കൂടി ഇവിടെ പറഞ്ഞിട്ടുള്ളതിനെപ്പറ്റി ഞാൻ പറഞ്ഞുകൊണ്ടു് അവസാനിപ്പിക്കാം. എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ കുട്ടി പറയുകയുണ്ടായി, ഭക്ഷണോല്പാദന പദ്ധതിയനുസരിച്ചു് അദ്ദേഹം പ്രതിനിധീകരിക്കുന്ന ചില വില്ലേജുകളിലെ കമ്മിറിറികൾ ശുപാർശചെയ്തതനുസരിച്ചു് അവിടെയുള്ള കൃഷിക്കാക്കു് ഇതുവരെ പണം കടം കിട്ടികഴിഞ്ഞിട്ടില്ലാഎന്നു്. എന്നാൽ ഈ കമ്മിറിറികൾ ശുപാർശചെയ്തതനുസരിച്ചു് കടങ്ങൾ കൊടുത്തുവരുന്നുണ്ടു്. അദ്ദേഹത്തിനുതന്നെ അറിയാം ഈ സംഗതികൾ അത്ര എളുപ്പത്തിൽ സാധ്യപ്പെടുന്നതിനു് വളരെ വിഷമമുള്ള ഒന്നാണെന്നു്. പണസംബന്ധമായിട്ടുള്ള സംഗതികൾ മടക്കികൊടുക്കുവാൻ ഒരു ചുമതലയുള്ളപ്പോൾ അതു മടക്കിക്കിട്ടുവാനുള്ള ചില നിബന്ധനകളുംകൂടി വേണ്ടിവരുന്നതാണു്. ഇതിനു് ചെറിയ ചില കടമകൾ രണ്ടു ഭാഗത്തുമുണ്ടു്. ആ കടമകൾ നിവൃത്തിച്ചുകൊണ്ടുപോകുവാനുള്ള കാലതാമസം മാത്രമാണു്. തീർച്ചയായും കുറെ കാലത്തിനു മുമ്പുതന്നെ ഈ പദ്ധതി നടപ്പിൽ വരുത്തുകയായിരുന്നുവെങ്കിൽ അദ്ദേഹം ഇവിടെ പറഞ്ഞമാതിരിയിലുള്ള ബുദ്ധിമുട്ടുകൾ ഈയവസരത്തിൽ വരികയില്ലായിരുന്നു. അതിനു നമ്മളാരും ഉത്തരവാദികൾ അല്ലതന്നെ. എന്നാൽ ഗ്രാമോദ്ധാരണപരമായ കൃഷി വിപുലീകരണത്തിനാവശ്യമായ പണം എല്ലാ കർഷകക്കും കിട്ടികഴിഞ്ഞിട്ടില്ലായെന്നുള്ള ഏക കാരണംകൊണ്ടു്, ഈ പദ്ധതിക്കു വേണ്ട വിജയം സിദ്ധിച്ചിട്ടില്ലെന്നു ഞാൻ വിശ്വസിക്കുന്നില്ല. അധികപക്ഷവും, പണം കൊടുക്കാത്ത ഒരു കുറ്റംകൊണ്ടു്, നമ്മൾ ന്യായമായി ഉദ്ദേശിക്കുന്ന ഈ ഭക്ഷ്യോല്പാദനം ഇല്ലാതെയായിട്ടില്ലായെന്നു ഞാൻ ഈ സഭയോടു് തുറന്നുപറയുവാൻ മടിക്കുന്നില്ല. സ്ഥലങ്ങളിൽ കയ്യേറി പ്രവൃത്തിച്ചുകൊള്ളുവാൻ ഗവൺമെണ്ടു് അനുമതി കൊടുത്തിട്ടില്ലെങ്കിൽത്തന്നെയും, കണ്ണടച്ചിട്ടു അനുവ

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

ദിച്ചിട്ടുള്ളതുപോലെതന്നെ, ഇനി ഒരു ഇഞ്ചു സ്ഥലംപോലും പുറമ്പോക്കു സ്ഥലങ്ങളായി കൃഷിചെയ്യാതെ വെറുതെ കിടപ്പില്ലെന്നു ഉറപ്പു പറയാവുന്നതാണു്. ഏതെങ്കിലും തരത്തിൽ കടംവാങ്ങിയൊ, മറ്റുതരത്തിൽ കഷ്ടപ്പെട്ടിട്ടോ, ഉല്പാദനങ്ങൾ ഉണ്ടാക്കിക്കഴിഞ്ഞിട്ടുള്ളവർക്കും, കമ്മിറ്റികളുടെ ശുപാർശയനുസരിച്ചു പണം കടംകൊടുക്കുന്നതു വളരെ സഹായമായിരിക്കുമെന്നു എനിക്കറിയാം. അതു ചെയ്യുവരുന്നുമുണ്ടു്. എന്നാൽ രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലുംപോയി പണം കടംകൊടുക്കുന്നതിനു ഫുഡ് പ്രൊഡക്ഷൻ കമ്മീഷണർക്കുവേണ്ടി വരുന്ന കാലതാമസം മാത്രമെ ഇക്കാര്യത്തിലുള്ളു. ഇനിയും ഞാൻ അദ്ദേഹത്തിനു ഉറപ്പുനല്കുന്ന ആവക സംഖ്യകൾ കൊടുക്കുവാൻതന്നെയാണു് ഇപ്പോഴും തീരുമാനിച്ചിട്ടുള്ളതെന്നു്. എന്റെ മാന്യ സ്നേഹിതൻ മിസ്റ്റർ വാര്യർ ഇവിടെ പറയുകയുണ്ടായി ൪൫,൦൦൦ രൂ. മാത്രമെ വളത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ളുവെന്നു്. ൧ ലക്ഷമൊ ൪ ലക്ഷമൊ നീക്കിവെക്കേണ്ടതായിരുന്നുവെന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. അതു് അദ്ദേഹം പറഞ്ഞതു ശരിയാണു്. കൊച്ചിരാജ്യത്തിലുള്ള കൃഷിക്കാർക്കു ൪൫,൦൦൦ രൂ. ക്കുള്ള വളംകൊണ്ടുമാത്രം മതിയാക്കുവാൻ ഈയവസരത്തിൽ സാദ്ധ്യമല്ല. ഇപ്പോൾ ഈ ൪൫,൦൦൦ രൂ. കൊണ്ടെങ്കിലും വളം കിട്ടുവാൻ പ്രയാസമാണു്. അതു് പ്രോൺടെസ്റ്റാണു്. ഗവൺമെണ്ടിന്റെ അനേഷണത്തിന്റെ ഫലമായി ഇതു് അധികം കിട്ടുവാൻ വഴിയില്ലെന്നു മനസ്സിലായി. ഇനി അധികം വളം കിട്ടണമെങ്കിൽ വൃശ്ചികം, ധനു എന്നീ മാസങ്ങളാകണം.

മിസ്റ്റർ എ. ബി. സേലം: അതിനു് ചെമ്മീൻ ഒന്നു ശരിയാക്കിയെടുത്താൽ കൊള്ളാം.

മിസ്റ്റർ ടി. കെ. നായർ: അതു ശരിയാക്കുന്നുണ്ടു്. ഒരു സംഗതി ഞാൻ ഇവിടെ തുറന്നുപറയാം. ഈ പദ്ധതിക്കു് അതു് അർഹിക്കുന്നതായ ഒരു പ്രോത്സാഹനം പൊതുജനങ്ങളിലുണ്ടായി, അവർ ഈ പദ്ധതിയിലെ ഗുണങ്ങൾ സ്വീകരിക്കുവാൻ തയ്യാറുണ്ടെങ്കിൽ ഗവൺമെണ്ടു്, പണം ഇറക്കി വളം ശേഖരിക്കാത്ത ഒരു കുറവുകൊണ്ടു് ഈ കൊച്ചിരാജ്യത്തിലെ കർഷകർക്കു് ആവശ്യമായ വളം ലഭിക്കുവാൻ സൌകര്യമുണ്ടായില്ലായെന്നുള്ള ഒരു പരാതി ഉണ്ടാവുകയില്ലെന്നു ഞാൻ പറയുന്നു. എത്രത്തോളം പണം വേണമെങ്കിലും ഈ ആവശ്യത്തിനു ഗവൺമെണ്ടു് ചിലവുചെയ്യുവാൻ തയ്യാറാണു്. (ഹിയർ, ഹിയർ) അതുപോലെതന്നെ ഗവൺമെണ്ടു് ഈവക കാര്യങ്ങൾ ചെയ്യുവാൻ മുതിരുമ്പോൾ കർഷകരും അവരുടെ ചുമതലകൾ നിർവ്വഹിക്കേണ്ടതാണു്. ഈ കാര്യത്തിൽ നിയമസഭാസാമാജികന്മാരും, പഞ്ചായത്തു പ്രസിഡണ്ടന്മാരും, ജന്മികളും, ജനങ്ങളെ പറഞ്ഞു മനസ്സിലാക്കാതെ നിവൃത്തിയില്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ആ ചുമതലകൾ എന്താണെന്നു ഒന്നു പറഞ്ഞാൽ കൊള്ളാം.

മിസ്റ്റർ ടി. കെ. നായർ: കർഷകർക്കുള്ള ചുമതലകൾ അവർ കടംവാങ്ങിക്കുന്ന പണം മടക്കിത്തരണം. കടംവാങ്ങിക്കുന്ന പണംകൊണ്ടു് കൃഷിക്കു ഉപയുക്തമായ വളം ചെലുത്തണം. എന്നാൽ ഇവിടെയുള്ള കർഷകർ അധികവും അവരുടെ വീട്ടിൽവെച്ചുണ്ടാക്കുന്ന വളമൊ, അല്ലാത്തപക്ഷം കുറഞ്ഞ വിലക്കു കിട്ടുന്ന വളമൊ വാങ്ങി ഉപയോഗിക്കാമെന്നുള്ള മനഃസ്ഥിതിയുള്ളവരാണു്. ആ മനസ്ഥിതി മാറി ഗവൺമെണ്ടു് ശേഖരിക്കുന്ന നല്ല വളം വാങ്ങി കൃഷിക്കു ഉപയോഗിക്കുവാനുള്ള ഒരു മനസ്ഥിതി ഇവിടത്തെ കർഷകരുടെയിടയിലുണ്ടാക്കിത്തീർക്കത്തക്കവണ്ണമുള്ള ഒരു പ്രചരണം നടത്തേണ്ടതു ആവശ്യമാണു്. കർഷകരുടെ ആവശ്യത്തേയും, സൌകര്യത്തേയും ഉദ്ദേശിച്ചു് ഗവൺമെണ്ടു് പല ദിക്കുകളിലും വളം ഡിപ്പൊ നടപ്പിൽ വരുത്തീട്ടുണ്ടു്. അതിന്റെ വീഴ്ചക്കുള്ള കാരണം ഇതായിരിക്കുമെന്നു വിചാരിച്ചു്, വളം കടംകൊടുക്കാമെന്നുള്ള ഒരു മാറ്റം മാത്രമെ ഞാൻ ഇതിൽ വരുത്തിട്ടുള്ളു. ആ കാര്യത്തിൽ അവരെ ഒന്നു പ്രോത്സാഹിപ്പിക്കുവാൻ നമുക്കെല്ലാവർക്കും സാധിക്കും. അതിനു എല്ലാവരുടേയും സഹകരണവും, ഉത്സാഹവുമുണ്ടാകണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: തൃശ്ശിവപേരൂർ മുനിസിപ്പാലിറ്റിയിൽ ധാരാളം വളമുണ്ടെന്നു പറഞ്ഞതു എത്രയുണ്ടാകുമെന്നു അറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ ടി. കെ. നായർ: ഇപ്പോഴത്തെ അനേഷണത്തിൽ വളം അവിടെനിന്നു് കിട്ടുവാനില്ലെന്നാണു് അറിയുന്നതു്. കർഷകന്മാർക്കു് ഗുണമായിട്ടു എന്തൊക്കെ ചെയ്യുവാൻ കഴിയുമൊ അതെല്ലാം ഞാൻ ചെയ്യാം. അക്കാര്യത്തിൽ യാതൊരു മടിയും കാണിക്കുന്നതല്ല.

പിന്നെ ഒരു സംഗതി എനിക്കു പറയുവാനുള്ളതു് ചില മെമ്പർമാരുടെ തെറ്റിദ്ധാരണയെപ്പറ്റിയാണു്. ഞാൻ ഈ സ്ഥാനം കയ്യേറ്റിട്ടു നാലരമാസമേയായിട്ടുള്ളു. ഞാൻ നിങ്ങളുടെ ഭാഗത്തിരിക്കുമ്പോൾതന്നെ ഉദ്യോഗസംബന്ധമായ കാര്യങ്ങളിൽ സ്റ്റാഫ് സിലക്ഷൻ ബോർഡിന്റെ വഴികളും വകുപ്പുകളും ഒന്നും അനേഷിക്കാറി

LIBRARY ARCHIVES Kerala Legislative Assembly

ല്ലെന്നതന്നെയല്ല, ഉദ്യോഗനിയമനപരാതികൾപോലും പറയുന്ന ഒരു പതിവ് എനിക്ക വളരെ ചുരുക്കമാണെന്നു് ഈ നിയമസഭയിലെ സാമാജികന്മാരായ നിങ്ങൾക്കേവക്കും അറി യാവുന്നതാണല്ലൊ. എന്നെ വളരെ പരിചയമുള്ളവക്കും, എന്നോട് വളരെ അടുത്തു പെരു മാറുവാൻ കഴിഞ്ഞിട്ടുള്ളവക്കും എന്നിൽ ഇന്നും ഒരു നായർത്വം ഉണ്ടെന്നു് വിശ്വസിക്ക വാൻ കഴിയുകയില്ല. എന്നാൽ മനഃശുദ്ധത വേണമെന്നുള്ള ഒരു വിചാരക്കാരനാണു് ഞാൻ. ഇതിനിടെ ആയുർവ്വേദഡിപ്പാർട്ടുമെണ്ടിൽ സെയിൽസ്സു് അറണ്ടറായി ഒരു നായർ സ്ത്രീയെ നിയമിച്ചിട്ടുള്ളതിനെപ്പററി മിസ്റ്റർ ഇയ്യുന്നി പറഞ്ഞപ്പോഴാണു്, അങ്ങിനെ നി യമിക്കുവാനുള്ള അധികാരം ഗവൎമ്മെണ്ടിനുണ്ടെന്നു് ഞാൻ മനസ്സിലാക്കിയതു്. പക്ഷെ ഞാൻ ഇതിനെപ്പററി ഇത്രയും വിശദമായി പറയുന്നതു് ഒരു നായർമനോഭാവം എന്നിൽ നി ങ്ങൾക്കു കാണുവാൻ കഴിയുകയരുതെന്നു വിചാരിച്ചുമാത്രമാണു്. ഫ ൫ ക. വരെയുള്ള ഉദ്യോഗങ്ങൾ മാത്രമെ ഡിപ്പാർട്ടുമെണ്ടു് മേലധികാരികൾക്കു് നിയമിക്കുവാൻ പാടുള്ളുയെ ന്നുള്ള വ്യവസ്ഥയിൽ കവിഞ്ഞാണു് ഈ ഉദ്യോഗനിയമനം നടത്തീട്ടുള്ളതെന്നു് എന്റെ സൂക്ഷ്മപരിശോധനയിൽ പെട്ടന്നപക്ഷം, ഇപ്പോൾ നിയമിച്ചിട്ടുള്ള ആളെ അതിൽനിന്നു് ഒഴിവാക്കുകയും, ആ നിയമനം സ്റ്റാഫ് സിലക്ഷൻ ബോർഡിലേക്കു് റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നതാണന്നു് ഞാൻ നിങ്ങൾക്കു് ഉറപ്പുതന്നുകൊള്ളുന്നു. (ഹിയർ, ഹിയർ.) ഞാൻ ഒരു നായരായതുകൊണ്ടു് ഇതിനെപ്പററി തുറന്നു പറയേണ്ട ഒരു ചുമതലയുണ്ടു്. ഞാൻ ഇവിടെയിരിക്കുന്ന കാലത്തോളം എന്റെ കീഴിലുള്ള ഉദ്യോഗനിയമനകാര്യങ്ങൾ തോന്നിയ പോലെ ചെയ്യുവാൻ ഒട്ടും തന്നെ സമ്മതിക്കുകയില്ലെന്നു് ഈ സഭമുമ്പാകെ ഉറപ്പുപറഞ്ഞു കൊള്ളുന്നു. (ഹിയർ, ഹിയർ.)

എനിക്കു് കൂടുതലായി ഒന്നും പറയുവാനില്ല. ഈ രണ്ടുദിവസം നിങ്ങൾ ഇവി ടെ എന്നോട് കാണിച്ച ദയവിന്നു് ഞാൻ നിങ്ങൾക്കെല്ലാവക്കും നന്ദി പറഞ്ഞുകൊള്ളുന്നു.

മിസ്റ്റർ എ. ബി. സേലം : റൂറൽ ഡവലപ്പ്മെൻറസിന്നു് ഒരു ലക്ഷത്തി എഴുപതിനാ യിരം രൂപ കൂടുതലായി കാണുന്നുണ്ടു്.

മിസ്റ്റർ ടി. കെ. നായർ : ഈ ഒരു ലക്ഷത്തി എഴുപതിനായിരം രൂപക്കുള്ള ലിസ്റ്റു് അതിൽതന്നെയുണ്ടു്. അതു കിട്ടീട്ടില്ലെങ്കിൽ ഇപ്പോൾതന്നെ തരാം. കളങ്ങൾ, കിണറു കൾ മുതലായവയും, മൈനർ ഇറിഗേഷനും വേണ്ടിയാണു് ഈ സംഖ്യ കൂടുതലായി കൊ ള്ളിച്ചിട്ടുള്ളതു്.

